# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2753 19.12.2012-ൽ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പ എഴുതിതള്ളുന്ന നടപടി

**ചോദ്യം** **ഉത്തരം**

ശ്രീ. എ.കെ. ബാലൻ

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള എസ്.സി./എസ്.റ്റി. വിഭാഗ ങ്ങളുടെ വായ്പകൾ എഴുതി തള്ളുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര രൂപയാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് നൽകിയിട്ടുള്ളത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് തുക അനുവദിച്ചു നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത തുകയിൽ എത്ര രൂപയാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്; എത്ര ഗുണഭോ ക്താക്കൾക്കാണ് ഇതിന്റെ ആനു കൂല്യം ലഭിച്ചത്; ജില്ലാ അടി സ്ഥാനത്തിൽ വിശദമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | എത്ര രൂപവരെയാണ് നിലവിൽ എഴുതിതള്ളുന്നത്; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (സി) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ പരിവർത്തിത ക്രൈ സ്തവ ജനവിഭാഗങ്ങൾ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തി ട്ടുള്ളതും 31.3.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശിക യായതുമായ വായ്പകളുടെ പലിശയും പിഴപലിശയും ഉൾ പ്പെടെ 25,000/-രൂപ വരെയുള്ളത് എഴുതി തള്ളുന്നതിനും അതിനു മുകളിലുള്ള തുകയ്ക്ക് പലിശയും |

(...2)

| | | | |
|---|---|---|---|
| | | | പിഴപലിശയും ഒഴിവാക്കി ഒറ്റത്ത വണയായി തീർപ്പാക്കുന്നതിനും 12/11/2009 ലെ സർക്കാർ ഉത്തരവ് (അച്ചടി) 100/09/പജപവവിവ നമ്പർ പ്രകാരം സർക്കാർ ഉത്തര വായിരുന്നു. തുടർന്ന് 28/3/2012 ലെ സർക്കാർ ഉത്തരവ് (സാധാ) 561/2012/ പജപവവിവ നമ്പർ സർക്കാർ ഉത്തരവിലൂടെ പ്രസ്തുത പദ്ധതിയുടെ നടപടി ക്രമങ്ങൾ പൂർത്തീകരിക്കു തിനുള്ള കാലാവധി 30.06.2012 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ വഹിക്കുന്ന തുക പരമാവധി 25,000/- രൂപ എന്നത് 50,000/-രൂപയായി വർദ്ധിപ്പിക്കു ന്നതിനും, ടി പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതും സംബന്ധിച്ച കാര്യം പരിശോധിച്ചു വരുന്നു |
| (ഡി) | ഇപ്പോൾ നിശ്ചയിച്ച തുകയ്ക്ക് മുകളിൽ വരുന്ന തുകയുടെ പലിശയും പിഴപലിശയും ഒഴിവാക്കി മുതൽ മാത്രം ഒറ്റത്തവണ തീർപ്പാക്കാൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഉള്ള ആനുകൂല്യം എത്ര ഗുണഭോക്താക്കൾക്കാണ് ലഭിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; എത്ര രൂപയാണ് പദ്ധതിക്കുമാത്രം ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; | (ഡി) | സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൽ ഇപ്പോൾ നിശ്ചയിച്ച തുകയ്ക്ക് മുകളിൽ വരുന്ന തുകയുടെ പലിശയും പിഴപലിശയും ഒഴി വാക്കി മുതൽ മാത്രം ഒറ്റത്തവണ തീർപ്പാക്കുന്ന പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലില്ല. |
| (ഇ) | പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തിരിച്ചടവ് കാലാവധി നിലവിലെ 31.03.2006 ൽ നിന്നും നീട്ടി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഇ) | പരിശോധിക്കുന്നതാണ് |

Sali K.T

സെക്ഷൻ ഓഫീസർ